VC/26351/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ
തിരുവനന്തപുരം
Phone: 0471- 2303107, 2303548
Email : dir.colledn@kerala.gov.in /
dcedirectorate@gmail.com
തീയതി: 04-12-2024

**കാരണം കാണിക്കൽ നോട്ടീസ്**

ചിറ്റൂർ, സർക്കാർ കോളേജിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷാജഹാൻ പി. എ. - യെ അറിയിക്കുന്നത്,

ചിറ്റൂർ, സർക്കാർ കോളേജിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷാജഹാൻ പി.എ. എന്ന താങ്കൾ, വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി 5 വർഷത്തേക്ക് ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും താങ്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 23.03.2018 തീയതിയിലെ സി4/4429/2018/കോവിവ ഉത്തരവ് പ്രകാരം കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII A യിലെ വ്യവസ്ഥകൾക്ക് വിധേയമായി അവധി പ്രയോജനപ്പെടുത്തുന്ന തീയതി മുതൽ 5 വർഷത്തേക്ക് താങ്കൾക്ക് ശൂന്യവേതനവധി അനുവദിച്ചും ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25.03.2018 തീയതി മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച താങ്കൾക്ക് അനുവദിച്ചിരുന്ന ശൂന്യവേതനാവധിക്കാലം 24.03.2023 തീയതിയിൽ അവസാനിച്ചിരുന്നെങ്കിലും താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കുകയോ അവധി ദീർഘിപ്പിക്കുന്നതിന് മുൻകൂർ അപേക്ഷ വകുപ്പ് മേധാവിക്ക് ഉചിത മാർഗ്ഗേനെ സമർപ്പിക്കുകയോ ചെയ്തിട്ടുന്നില്ല. താങ്കൾ സർവ്വീസിൽ അടിയന്തിരമായി തിരികെ പ്രവേശിക്കേണ്ടതാണെന്നും അതല്ലെങ്കിൽ ചട്ടപ്രകാരം നടപടി സ്വീകരിക്കുമെന്നത് അറിയിച്ച് 04.07.2023 തീയതിയിലെ ഈ കാര്യാലയത്തിലെ കത്ത് നം. C4/26351/2023/DCE പ്രകാരം താങ്കളുടെ മേൽ വിലാസത്തിലേക്ക് കത്ത് നല്കിയിരുന്നെങ്കിലും 'Left India' എന്ന തപാലാധികൃതരുടെ രേഖപ്പെടുത്തലോടെ ആയത് തിരികെ ലഭിക്കുക ആണ് ഉണ്ടായത്.

സർക്കാർ ഉത്തരവ് നം. സ.ഉ.(അ) നം. 152/2020/ധന തീയതി: 05.11.2020 , സർക്കാർ ഉത്തരവ് സ.ഉ.(പി) നം.87/2022 /ധന തീയതി: 03.08.2022 പ്രകാരം ശൂന്യവേതനാവധി പരമാവധി 5 വർഷത്തേക്ക് മാത്രമായി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 05.11.2020 തീയതിയിലെ സർക്കാർ ഉത്തരവ് നം. സ.ഉ.(അ) നം. 152/2020/ധന പ്രകാരം 5 വർഷത്തിനു ശേഷവും ജോലിക്ക് ഹാജരാകാതിരുന്നാൽ "Deemed Resignation" ആയി പരിഗണിക്കണമെന്നാണ് സർക്കാർ ഉത്തരവായിരുന്നത്. കൂടാതെ, കേരള സർക്കാർ ധനകാര്യ (റൂൾസ് - ബി) വകുപ്പ് സർക്കുലർ നം. 83/2020/ധന തീയതി: 30.12.2020 -ലെ സർക്കാർ സർക്കുലർ അനുസരിച്ച് കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധിയിൽ ആയിരുന്നതും എന്നാൽ അനുവദിച്ച കാലയളവിന് ശേഷം സർവ്വീസിൽ

തിരികെ പ്രവേശിക്കാതെ നിലവിൽ അനധികൃതമായി അവധിയിൽ തുടരുന്ന ജീവനക്കാരെ കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A ചട്ടം 9 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ആയതിനാൽ അനുവദനീയമായ ശൂന്യവേതനാവധിക്കാലം കഴിഞ്ഞിട്ടും സർവ്വീസിൽ തിരികെ പ്രവേശിക്കാതെ താങ്കൾ അനധികൃത അവധിയിൽ തുടരുന്നതിനാൽ കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A ചട്ടം 9 പ്രകാരം താങ്കൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 11.12.2023 തീയതിയിലെ നം. VC/26351/2023/DCE പ്രകാരം കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകിയിരുന്നു. എന്നാൽ 27.12.2023 തീയതിയിലെ കത്ത് നം. ബി1/2412/2023/ജിസിസി പ്രകാരം ചിറ്റൂർ സർക്കാർ കോളേജ് പ്രിൻസിപ്പാൾ ലഭ്യമാക്കിയ വിവരം അനുസരിച്ച് താങ്കൾക്ക് ലഭ്യമാക്കിയിരുന്ന കുറ്റപത്രം, കുറ്റാരോപണ പത്രിക മുതലായവ താങ്കൾ കൈപ്പറ്റിയില്ല എന്നും താങ്കളുടെ ഇമെയിൽ വിലാസത്തിൽ ടി രേഖകൾ ലഭ്യമാക്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല എന്നുമാണ് പ്രിൻസിപ്പാൾ അറിയിച്ചിരിക്കുന്നത്. തുടർന്ന് താങ്കൾക്കെതിരെ തുടർ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 26.02.2024 തീയതിയിലെ ഈ കാര്യാലയത്തിലെ ഉത്തരവ് നം. VC/26351/2023/DCE പ്രകാരം തൃശ്ശൂർ, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസർ ശ്രീ. രാഘുനാഥൻ. എ.പി. -യെ ഈ വിഷയത്തിൽ ഔപചാരിക അന്വേഷണത്തിന് ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ 04.06.2024 തീയതിയിൽ സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ നിന്നും താങ്കൾ ഔപചാരിക അന്വേഷണ നടപടികളോട് ഒരു തരത്തിലും സഹകരിച്ചിരുന്നില്ല എന്നതാണ് വ്യക്തമാകുന്നത്. താങ്കൾക്ക് കത്ത് മുഖേനെ അറിയിപ്പുകൾ നൽകിയിട്ടും ആയത് കൈപറ്റാത്തതിനാൽ മടങ്ങി വന്നു എന്നും ഇമെയിൽ മുഖേന അറിയിപ്പുകൾ നല്കിയിരുന്നെങ്കിലും താങ്കളിൽ നിന്നും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല എന്നും ആയതിനാൽ ചട്ട പ്രകാരമുള്ള അച്ചടക്ക നടപടി താങ്കൾക്കെതിരെ സ്വീകരിക്കവുന്നതാണെന്നും ആണ് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

കെ.എസ്.ആർ. ഭാഗം 1, അനുബന്ധം XII A ചട്ടങ്ങൾ പ്രകാരം അവധി അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ (റൂൾസ്-ബി) വകുപ്പ് 2018 മാർച്ച 28 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള 22/2018/ധന നമ്പർ സർക്കുലറിലെ ഒന്നാം ഖണ്ഡികയിൽ 'എല്ലാ കോളങ്ങളും പൂരിപ്പിച്ച നിർദിഷ്ട മാതൃകയിലുള്ള അവധി അപേക്ഷ അവധി ആരംഭിക്കുന്നതിന് കുറഞ്ഞത് മൂന്ന് മാസം മുൻപ് ഓഫീസ് തലവന് സമർപ്പിക്കേണ്ടതാണെന്നും' ഖണ്ഡിക 4 ൽ 'അവധി അപേക്ഷ സമർപ്പിച്ചുവെന്ന കാരണത്താൽ അവധി അനുവദിച്ച് കിട്ടുന്നതിന് മുൻപ് ഉദ്യോഗസ്ഥർ ഒരു കാരണവശാലും അവധിയിൽ പ്രവേശിക്കാൻ പാടുള്ളതല്ലെന്നും അപ്രകാരം അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കെതിരെ കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII A, ചട്ടം 9 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും' വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ. ഭാഗം 1, അനുബന്ധം XII A, ചട്ടം 9 ൽ ടി - ചട്ടപ്രകാരം ഉള്ള അവധി അനുവദിച്ച് ഉത്തരവാകും മുൻപ് അവധിയിൽ പ്രവേശിക്കുന്നവർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്നും നിഷ്കർച്ചിട്ടുണ്ട്. ഒരു സർക്കാർ ജീവനക്കാരൻ സേവനത്തിൽ തുടരുമ്പോൾ, അവധിയിൽ പ്രവേശിക്കേണ്ട സാഹചര്യം ഉണ്ടാകുന്ന പക്ഷം ചട്ട പ്രകാരം അവധിയിൽ പ്രവേശിക്കേണ്ടതും മേൽ വിലാസം

ഉൾപ്പെടെയുള്ളവക്ക് മാറ്റമുണ്ടെങ്കിൽ അത് വകുപ്പിനെ യഥാസമയം അറിയിക്കേണ്ടതും ആ ജീവനക്കാരന്റെ മാത്രം ഉത്തരവാദിത്തമാണ്. ആയതിനാൽ ഒരു സർക്കാർ ജീവനക്കാരനായ താങ്കൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുക വഴി സർക്കാർ ചട്ടങ്ങൾ ലംഘിക്കുകയും കടുത്ത അച്ചടക്ക ലംഘനം നടത്തുകയുമാണ് ഫലത്തിൽ ചെയ്തിരിക്കുന്നത്. ഇപ്രകാരമുള്ള താങ്കളുടെ അച്ചടക്കമില്ലായ്മയും സർക്കാർ ജീവനത്തോട് ആത്മാർത്ഥതയും കൂറുമില്ലാത്ത പ്രവർത്തനം താങ്കൾക്കെതിരെ കടുത്ത അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാക്കിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII A പ്രകാരമുള്ള ശൂന്യവേതനാവധി പ്രയോജനപ്പെടുത്തിയ ശേഷം അനധികൃതമായി അവധിയിൽ തുടരുകയും, കൃത്യ നിർവ്വഹണത്തിൽ കടുത്ത വീഴ്ച വരുത്തുകയും, സേവനത്തോട് ആത്മാർത്ഥതയും കൂറുമില്ലാതെ പെരുമാറുകയും, സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ ലംഘിക്കുകയും ചെയ്ത താങ്കളുടെ പ്രവൃത്തികൾ കടുത്ത അച്ചടക്ക ലംഘനവും കൃത്യവിലോപവുമായി കണ്ട് 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 11 (vii) പ്രകാരം താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ (Removal) താത്കാലിക തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിനെതിരെ താങ്കൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപറ്റി 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സമയപരിധിക്കുള്ളിൽ ആയത് ലഭ്യമാക്കിയില്ലെങ്കിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

(അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് താങ്കളുടെ അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു).

Signed by
Satheesh S
Date: 04-12-2024 12:43:38

ഒപ്പ്/-
സതീഷ്. എസ്.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dir.colledn@kerala.gov.in

ശ്രീ. ഷാജഹാൻ പി. എ.
ഓഫീസ് അറ്റെൻഡന്റ്
സർക്കാർ കോളേജ്, ചിറ്റൂർ (പ്രിൻസിപ്പാൾ മുഖേന)

പകർപ്പ് :-
1. പ്രിൻസിപ്പാൾ, സർക്കാർ കോളേജ്, ചിറ്റൂർ (ഒരു പകർപ്പ് ശ്രീ.ഷാജഹാൻ പി. എ. -യുടെ മേൽ വിലാസത്തിലേക്കും മറ്റൊരു പകർപ്പ് ടി -യാന്റെ ഇ-മെയിൽ വിലാസത്തിലേക്കും ലഭ്യമാക്കേണ്ടതാണ്).
2. സി3/ സി4 സീറ്റ് , കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ആസ്ഥാന കാര്യാലയം , വികാസ് ഭവൻ.
3. നടപ്പ് ഫയൽ / കരുതൽ ഫയൽ.